**അടിയന്തിരം**

# എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് -2010

നം. ഐ.ഇ.ഡി/ 71236/ 09/ഡി.പി.ഐ. വിദ്യാഭ്യാസ ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി 23-10-2009

## സർക്കുലർ

വിഷയം: എസ്.എസ്.എൽ സി. പരീക്ഷ മാർച്ച് 2010 - സംയോജിത വിദ്യാഭ്യാസ പദ്ധതിയിൻ കീഴിലുള്ള പ്രത്യേക പരിഗണന ആവശ്യമായ വിദ്യാർത്ഥികൾക്ക് പരീക്ഷാനുകൂല്യം അനുവദിക്കുന്നത് - സംബന്ധിചച്

സൂചന: ഇല്ല

2009-10 വർഷത്തെ എസ് എസ്. എൽ. സി പരീക്ഷ 2010 മാർച്ച് 15 മുതൽ ആരംഭിക്കുകയാണ്. SSLC പരീക്ഷയിൽ സംയോജിത വിദ്യാഭ്യാസ പദ്ധതിയിൻ കീഴിൽ സവിശേഷ സഹായം ആവശ്യമായ വിദ്യാർത്ഥികൾക്ക് പരീക്ഷാ ആനുകൂല്യം അനുവദിക്കുന്നതിനുള്ള അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ 30/11/2009 ന് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. 40% മോ അതിലധികമോ വൈകല്യമുള്ള HI, VI, OH, MR, LD എന്നീ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കാണ് ആനുകൂല്യങ്ങൾ നൽകുന്നത്. വൈകല്യം തെളിയിക്കുന്നതിനുള്ള മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ കോപ്പി നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ .ഒറിജിനൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് അയക്കേണ്ടതില്ല. പഠന വൈകല്യമുള്ള കുട്ടികളുടെ കാര്യത്തിൽ 40% എന്ന മാനദണ്ഡം ബാധകമല്ല. ഈ വിഭാഗത്തിലുള്ളവർ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന് പകരമായി Institute for Communicative & Cognitive Neuro Sciences (ICCoNS) ലെ മെഡിക്കൽ ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റോ, ഏതെങ്കിലും സർക്കാർ ആശുപത്രിയിലെ അസിസ്റ്റന്റ് സർജ്ജൻ റാങ്കിൽ കുറയാത്ത സൈക്യാട്രി വിഭാഗം വിദഗ്ദൻ നൽകുന്ന സർട്ടിഫിക്കറ്റോ സമർപ്പിച്ചാൽ മതിയാകും.

i) ആനുകൂല്യങ്ങൾക്ക് അർഹരായ വിദ്യാർത്ഥികൾ ഇതോടൊപ്പം അടക്കം ചെയ്തിട്ടുള്ള പ്രഫോർമയിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകൾ പ്രഥമാദ്ധ്യാപകനും ജില്ലാ വിദ്യാഭ്യാസ ഓഫീസറും പരിശോധിച്ച് , ശുപാർശയോടെ വേണം ഈ ഓഫീസിൽ സമർപ്പിക്കേണ്ടത്.

ii) കാഴ്ചക്കുറവ്, ഡിസ്കാൽക്കുലിയ (LD) എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്ക് കണക്ക് വിഷയവും, ശ്രവണവൈകല്യം, ബുദ്ധിമാന്ദ്യം, ഡിസ്ഗ്രാഫിയ (LD) എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്ക് ഇംഗ്ലീഷ്, മലയാളം വിഷയങ്ങളിൽ ഏതെങ്കിലും ഒന്നും കൂടാതെ ഹിന്ദിയും ആവശ്യമെങ്കിൽ ഒഴിവാക്കാവുന്നതാണ്. മലയാളം ഒഴിവാക്കുന്നു എങ്കിൽ പകരം 2 വൊക്കേഷണൽ വിഷയങ്ങൾ തിരഞ്ഞെടുക്കേണ്ടതാണ്. ഇങ്ങനെ തിരഞ്ഞെടുക്കുന്ന പകരം വിഷയങ്ങളിലായിരിക്കണം തുടർ മൂല്യനിർണ്ണയം (CE) നടത്തേണ്ടത്. അർഹരായ കുട്ടികൾക്ക് Scribe/Interpreter എന്നിവരുടെ സേവനം ഉറപ്പുവരുത്തേണ്ട ചുമതല ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരിൽ നിക്ഷിപ്തമാണ്. ഭാഷാ വിഷയങ്ങൾക്ക് പകരം തെരഞ്ഞെടുത്ത

വിഷയങ്ങളിലെ പരീക്ഷ പൊതു പരീക്ഷയ്ക്കുശേഷം അതത് ജില്ലകളിൽ വെച്ച് പരീക്ഷാ ഭവൻ നേരിട്ട് നടത്തുന്നതാണ്.

സ്ക്രൈബായി നിയോഗിക്കപ്പെടുന്ന ആൾ താൻ നിയോഗിക്കപ്പെടുന്ന പരീക്ഷയ്ക്ക് തത്തുല്യമോ, അതിൽ കുറവോ ആയ പരീക്ഷായോഗ്യത മാത്രമേ നേടിയിരിക്കാൻ പാടുള്ളു. ഇന്റർപ്രട്ടറായി IED റിസോർഴ്സ് അദ്ധ്യാപകരേയോ, പ്രത്യേക പരിശീലനം നേടിയിട്ടുള്ള അദ്ധ്യാപകരേയോ നിയമിക്കേണ്ടതാണ്. ഇവരുടെ അഭാവത്തിൽ സ്കൂളിലെ മറ്റ് അദ്ധ്യാപകരെ നിയോഗിക്കേണ്ടതാണ്. കണക്ക്, സയൻസ് വിഷയങ്ങളിൽ ഇന്റർപ്രട്ടറായി (വ്യാഖ്യാതാവായി) അദ്ധ്യാപകരെ നിയോഗിക്കുംപോൾ ഈ വിഷയങ്ങൾ ഐച്ഛിക വിഷയമായി ബിരുദമോ ഉയർന്ന യോഗ്യതയോ നേടിയ അദ്ധ്യാപകർക്ക് മുൻഗണന നൽകുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഇൻവിജിലേറ്റർക്ക് നൽകുന്ന അലവൻസ്/വേതനം ഇന്റർപ്രട്ടറായി നിയമിക്കപ്പെടുന്നവർക്കും ലഭിക്കുവാൻ അർഹതയുണ്ട്. റിസോർഴ്സ് അദ്ധ്യാപകർ ജോലി ചെയ്തുവരുന്ന സ്കൂളും വിലാസവും അതത് DIET പ്രിൻസിപ്പലിൽ നിന്നും അതത് DPO (SSA) മാരിൽ നിന്നും ലഭിക്കുന്നതാണ്. ഈ സർക്കുലറും, ഇതോടൊപ്പം അടക്കം ചെയ്ത ആനുകൂല്യങ്ങളുടെ പകർച്പും അപേക്ഷയുടെ മാതൃകയോടൊപ്പം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എല്ലാ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും വിതരണം ചെയ്യേണ്ടതും അായത് 20.11.2009 ന് മുൻപായി പൂരിപ്പിച്ചുവാങ്ങേണ്ടതുമാണ്.. പ്രത്യേക സഹായം ആവശ്യമായ കുട്ടികളുടെ രജിസ്റ്റർ നംപർ (ഹാൾ ടിക്കറ്റ് നംപർ) അത് ലഭിക്കുന്ന മുറയ്ക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പരീക്ഷയ്ക്കു മുൻപ് തന്നെ ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. പരീക്ഷാനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ DEO വഴി മാത്രമേ സമർപ്പിക്കാവൂ. നേരിട്ടു സമർപ്പിക്കുന്ന അപേക്ഷകളും, സ്കൂളുകളിൽ നിന്ന് നേരിട്ട് അയക്കുന്ന അപേക്ഷകളും അവ്യക്തമായ അപേക്ഷകളും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ ആനുകൂല്യങ്ങൾ അനുവദിച്ചുകഴിഞ്ഞാൽ പിന്നീട് പ്രസ്തുത ഉത്തരവിൽ മാറ്റങ്ങൾ ഒന്നും തന്നെ അനുവദിക്കുന്നതല്ല. അർഹരായ കുട്ടികളുടെ പട്ടിക ഇതോടൊപ്പമുള്ള പ്രഫോർമയിൽ ആവശ്യമായ കൺസെഷൻ ഉൾപ്പെടെ ക്രമപ്രകാരം പൂരിപ്പിച്ച് അയക്കുന്നതോടൊപ്പം CD യിലും സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ പരിശോധിച്ച ശേഷം ഈ ഓഫീസിൽ നിന്നും കൺസെഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. വിദ്യാർത്ഥികളുടെ രജിസ്റ്റർ നംപർ (ഹാൾ ടിക്കറ്റ് നംപർ) പരീക്ഷയ്ക്ക് മുൻപ് തന്നെ പൂരിപ്പിചച് ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് Grace Mark ഒഴികെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് വ്യാഖ്യാതാവിൻെറ സേവനം ലഭിക്കുന്നതിനും, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനോടൊപ്പം പ്രഥമാദ്ധ്യാപകന്റെ ശുപാർശ ഇതോടൊപ്പം അടക്കം ചെയ്ത ഫോർമാറ്റിൽ സമർപ്പിക്കേണ്ടതാണ്. OH വിഭാഗം കുട്ടികളുടെ കാ.ര്യത്തിൽ കൈകൾക്ക് സ്വാധീ;നമില്ലാത്തതിനാൽ Scribe ൻെറ സേവനം ആവശ്യമാണെന്ന് ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകൻ സർട്ടിഫൈ ചെയ്യേണ്ടതാണ്.

പഠന വൈകല്യമുള്ള കുട്ടികൾ തങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിനു പകരം നിർദ്ദേശിച്ച സർട്ടിഫിക്കറ്റിനോടൊപ്പം ആവശ്യമായ ആനുകൂല്യങ്ങൾ രേഖപ്പെടുത്തിയ പ്രഥമാദ്ധ്യാപകന്റെ സർട്ടീഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്

പ്രഥമാദ്ധ്യാപകൻ നൽകുന്ന എല്ലാ സർട്ടിഫിക്കറ്റുകളും ജില്ലാ വിദ്യാഭ്യാസ ഓഫീസർ countersign ചെയ്താൽ മാത്രമേ സ്വീകരിക്കുകയുള്ളു

നിലവിലുള്ള ഗവ: ഉത്തരവുകൾ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പ്രഥമാദ്ധ്യാപകന്റെ പ്രത്യേക സർട്ടിഫിക്കറ്റ് ആവശ്യമില്ല

പ്രഥമാദ്ധ്യാപകൻ, ക്ലാസ്സ് അദ്ധ്യാപകർ, റിസോഴ്സ് അദ്ധ്യാപകൻ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി ആയിരിക്കണം മുകളിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത്. ആവശ്യമെങ്കിൽ ഗവ: ആശുപത്രികളിലെ സൈക്യാട്രി വിഭാഗം വിദഗ്ദരുടെ സേവനം സ്കൂളുകളുടെ സ്വന്തം ചെലവിൽ പ്രയോജനപ്പെടുത്തേണ്ടതാണ്. റിസോഴ്സ് ടീച്ചേർസ് ഇല്ലാത്ത സ്കൂളുകൾ അതത് DIET -മായി ബന്ധപ്പെട്ട് അവരുടെ സേവനം ഉറപ്പ് വരുത്തേണ്ടതാണ്.

(പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻപ്രകാരം)

അഡീ. ഡയറക്ടർ ഓഫ് പബ്ളിക് ഇൻസ്ട്രക്ഷൻ (അക്കാഡമിക്)

പകർപ്പ്

1.സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര
2.എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
3.എല്ലാ DIET പ്രിൻസിപ്പൽമാർക്കും
4.എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (എല്ലാ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർക്കും വിതരണം ചെയ്യേണ്ടതും അത് ലഭിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.)

## സവിശേഷ സഹായം  അാവശ്യമായ വിദ്യാർത്ഥികൾക്ക് 2009-10 വർഷത്തെ എസ് എസ് എൽ സി  പരീക്ഷയ്ക്ക് നൽകുന്ന പരീക്ഷാനുകൂല്യങ്ങൾ

### A  കാഴ്ചക്കുറവുള്ള കുട്ടികൾ (Visually impaired)

i) ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമെട്രിക്കൽ ഫിഗേർസ് തുടങ്ങിയ ചോദ്യങ്ങളിൽ നിന്നും ഒഴിവാക്കാവുന്നതാണ്.  ഈ വിദാഗം ചോദ്യങ്ങളെ ഒഴിവാക്കി ബാക്കിയുള്ള ചോദ്യങ്ങളിൽ വേണം മൂല്യനിർണ്ണയം നടത്തേണ്ടത്.

ii) ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയെ (സ്ക്രൈബ്) അനുവദിക്കുന്നതാണ്. തത്`തുല്യ പരീക്ഷാ യോഗ്യതയോ അതിൽ കുറവോ യോഗ്യതയുള്ളവർക്ക് മാത്രമേ സ്ക്രൈബായി നിയമിക്കപ്പെടുവാൻ അർഹതയുള്ളൂ.

iii) ഓരോ മണിക്കൂറിനും 10 മിനിട്ട് സമയം അധികം അനുവദിക്കുന്നതാണ്. ബ്രെയിൽ ലിപിയിൽ പരീക്ഷ എഴുതുന്നവർക്ക് ഓരോ മണിക്കുറിനും 15 മിനിട്ട് അധികസമയം ലഭിക്കുന്നതാണ്.

iv). അാവശ്യമെങ്കിൽ ഈ വിഭാഗം വിദ്യാർത്ഥികൾക്ക് കണക്ക് വിഷയം ഒഴിവാക്കാവുന്നതും പകരം കംപ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്ക്, വോക്കൽ മ്യൂസിക്, ഇൻസ`ട്രുമെന്റൽ മ്യൂസിക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാവുന്നതാണ്.

അാനുകൂല്യങ്ങൾ ലഭിക്കുന്നതിന് 40% മോ  അതിലധികമോ വൈകല്യമുണ്ടെന്ന് തെളിയിക്കുന്ന മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് മാത്രം മതിയാകും

### B  കേൾവിക്കുറവുള്ള കുട്ടികൾ (Hearing Impaired)

i)  ഭാഷാജ്ഞാനക്കുറവ് പരിഗണിച്ച് ഈ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് അവർ എഴുത്തു പരീക്ഷയിൽ നേടുന്ന മാർക്കിൻെറ 25% ഗ്രേസ് മാർക്കായി കൂടുതൽ  ലഭിക്കുന്നതാണ്. അാവശ്യമെങ്കിൽ ഇവർക്ക് ഇംഗ്ളീഷ്,  മലയാളം ഇവയിൽ ഒന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്.  ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി കംപ്യൂട്ടർ വിദ്യാഭ്യാസം, ഹോർട്ടികൾച്ചർ, കാറ്ററിംഗ്, ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ താൽപര്യമുള്ളവ തെരഞ്ഞെടുക്കാവുന്നതാണ്. മലയാളത്തിൽ 2 പേപ്പറുകൾ ഉള്ളതിനാൽ അവയ്ക്ക്  പകരമായി 2 വിഷയങ്ങൾ തിരഞ്ഞെടുക്കേണ്ടതാണ്. വ്യാഖ്യാതാവിൻെറ സേവനം അാവശ്യമെങ്കിൽ അനുവദനീയമാണ്.

ഗ്രേസ് മാർക്ക്, ഭാഷാവിഷയങ്ങൾ ഒഴിവാക്കൽ എന്നീ അാനുകൂല്യങ്ങൾ മാത്രം മതിയെങ്കിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്` മാത്രം മതിയാകും.  വ്യാഖ്യാതാവിൻെറ സേവനം ലഭിക്കുവാൻ പ്രത്യേക സർട്ടിഫിക്കറ്റ്  അാവശ്യമാണ്.

### C  ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (Loco Motor Disability/OH)

ശാരീരിക വൈകല്യം മൂലം കൈകൾ സ്വതന്`ത്രമായി ചലിപ്പിക്കാൻ കഴിയാത്ത പരീക്ഷാർത്ഥികൾക്ക് ഓരോ മണിക്കുറിനും 10 മിനിട്ട് വീതം അധികസമയം അനുവദിക്കുന്നതാണ്.

ഗ്രാഫ്, ഡയഗ്രം, ഡ്രോയിംഗ്, ജോമട്രിക്കൽ ഫിഗേർസ്, എന്നീ ചോദ്യങ്ങളിൽ നിന്ന് അാവശ്യമെങ്കിൽ ഒഴിവാക്കുന്നതാണ്.

കൈകൾ ഉപയോഗിച്ച്` എഴുതാൻ സാധിക്കാത്ത കുട്ടികൾക്ക് മാത്രമേ ഉത്തരം കേട്ടേഴുതുന്നതിന് സഹായിയെ (scribe) അനുവദിക്കുകയുള്ളൂ. ഇങ്ങനെ നിയമിക്കപ്`പെടുന്ന സ്ക്രൈബിന്, താൻ എഴുതുന്ന പരീക്ഷായോഗ്യതയോ, അല്ലെങ്കിൽ അതിൽ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യതയോ മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ.  അധികസമയം മാത്രം മതിയെങ്കിൽ Medical Board Certificate മാത്രം സമർപ്പിച്ചാൽ  മതിയാകും.

**ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ (Mental Retardation)**

ഈ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് A, B, C, വിഭാഗക്കാർക്ക് നൽകുന്ന മുഴുവൻ ആനുകൂല്യങ്ങളും ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്. Scribe, Interpreter ഇതിൽ ഏതെങ്കിലും ഒരാളുടെ സേവനം മാത്രമേ ലഭിക്കുകയുള്ളു ഗ്രേസ് മാർക്ക് മാത്രം മതിയെങ്കിൽ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് മാത്രം സമർപ്പിച്ചാൽ മതിയാകും.

**പഠന വൈകല്യം ( Specific Learning Disorder)**

**ഡിസ്‌ലെക്സിയ** - ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിട്ട് അധികമായി നൽകുന്നു. കൂടാതെ ആവശ്യമെങ്കിൽ വ്യാഖ്യാതാവിന്റെ സേവനവും ലഭിക്കുന്നതാണ്.

**ഡിസ്ഗ്രാഫിയ** - ഈ വിഭാഗം വിദ്യാർത്ഥികൾക്ക് മണിക്കൂറിന് 10 മിനിട്ട് അധികസമയം അനുവദിക്കുന്നതാണ്. ഇവർക്ക് ആവശ്യമെങ്കിൽ ഇംഗ്ലീഷ്, മലയാളം ഇവയിലൊന്നും കൂടാതെ ഹിന്ദിയും ഒഴിവാക്കാവുന്നതാണ്. ഒഴിവാക്കുന്ന വിഷയങ്ങൾക്ക് പകരമായി കമ്പ്യൂട്ടർ വിദ്യാഭ്യാസം, ഹോർട്ടികൾച്ചർ, കേറ്ററിംഗ്, ഡ്രോയിംഗ് & പെയിന്റിംഗ് എന്നീ വിഷയങ്ങളിൽ നിന്നും അവരവരുടെ താല്പര്യവും അഭിരുചിയും അനുസരിച്ച് തിരഞ്ഞെടുക്കാവുന്നതാണ്. കൂടാതെ ഉത്തരം കേട്ടെഴുതുന്നതിന് ഒരു സഹായിയേയും (Scribe) ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്. ഇവരുടെ യോഗ്യത മേൽ സൂചിപ്പിച്ചിട്ടുള്ളതുതന്നെയാണ്. മലയാളം ഒഴിവാക്കുകയാണെങ്കിൽ പകരം രണ്ട് വൊക്കേഷണൽ വിഷയങ്ങൾ തിരഞ്ഞെടുക്കേണ്ടതാണ്.

**ഡിസ്കാൽക്കുലിയ** - ഈ വിഭാഗം കുട്ടികൾക്ക് കണക്ക് വിഷയം ഒഴിവാക്കുകയോ അല്ലെങ്കിൽ പ്രസ്തുത വിഷയത്തിന് മാത്രമായി വ്യാഖ്യാതാവിന്റെ സേവനം ആവശ്യപ്പെടുകയോ ചെയ്യാവുന്നതാണ്. ഈ വിഭാഗത്തിൽപെട്ട കുട്ടികൾ കണക്ക് പരീക്ഷ എഴുതുന്നുവെങ്കിൽ സിംപിൾ കാൽകുലേറ്റർ ഉപയോഗിക്കുവാൻ അനുവദിക്കുന്നതാണ്. കണക്ക് വിഷയം ഒഴിവാക്കുന്ന പരീക്ഷാർത്ഥികൾ പകരമായി കമ്പ്യൂട്ടർ വിദ്യാഭ്യാസം, റാട്ടൺ വർക്സ്, വോക്കൽ മ്യൂസിക്, ഇൻസ്ട്രുമെന്റൽ മ്യൂസിക് എന്നീ വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിൽ പരീക്ഷ എഴുതേണ്ടതാണ്. കൂടാതെ ഒരു പേപ്പറിന് മണിക്കൂറിന് 10 മിനിറ്റ് വീതം അധിക സമയം അനുവദിക്കുന്നതാണ്. കേട്ടെഴുതുന്ന സഹായിക്ക് (Scribe) ന് SSLC പരീക്ഷയോഗ്യതയിൽ കൂടുതൽ യോഗ്യത ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല. ഭാഷാവിഷയങ്ങൾ, കണക്ക് എന്നിവ ഒഴിവാക്കുന്ന കുട്ടികളുടെ നിരന്തര മൂല്യ നിർണ്ണയം ( CE ) നടത്തേണ്ടത് അവർ പകരം തിരഞ്ഞെടുക്കുന്ന വിഷയങ്ങളിൽ തന്നെ ആയിരിക്കണം.

മേൽപറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഇതോടൊപ്പം അടക്കം ചെയ്യുന്ന പ്രഫോർമയിലുള്ള അപേക്ഷ മറ്റ് പ്രൊഫോർമകളും സർട്ടിഫിക്കറ്റുകളുമോടൊപ്പം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശയോടുകൂടി 30/11/2009 ന് മുൻപായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ IED സെല്ലിൽ ലഭിച്ചിരിക്കേണ്ടതാണ്.

(പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻപ്രകാരം)

അഡീ. ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ (അക്കാഡമിക്)

പകർപ്പ്: 1. പരീക്ഷാ സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര

2. വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ
3. DIET പ്രിൻസിപ്പൽമാർ
4. എല്ലാ DEO മാർക്കും (ഇത് താങ്കളുടെ കീഴിലുള്ള എല്ലാ ഹൈസ്കൂൾ പ്രധാന അദ്ധ്യാപകർക്കും വിതരണം ചെയ്യേണ്ടതും അത് അവർക്ക് ലഭിച്ചു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്)

**2010 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് സവിശേഷ സഹായം ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷാനുകൂല്യത്തിനുള്ള അപേക്ഷ**

| | | |
|---|---|---|
| 1 | പരീക്ഷ കേന്ദ്രത്തിൻെറ പേരും സെൻറർ കോഡും പൂർണ്ണമായ മേൽ വിലാസവും | |
| 2 | വിദ്യാഭ്യാസ ജില്ല | |
| 3 | വിദ്യാർത്ഥിയുടെ പേര് | |
| 4 | അഡ് മിഷൻ നം. (സ്കൂൾ രജിസ്റ്ററിലേതു പോലെ) | |
| 5 | രക്ഷകർത്താവിൻെറ പേര് | |
| 6 | വിദ്യാർത്ഥിയുടെ വയസ്സും ജനന തീയ്യതിയും | |
| 7 | വിദ്യാർത്ഥിയുടെ സ്ഥിരം മേൽ വിലാസം | |
| 8 | ശാരീരിക വൈകല്യത്തിൻെറ സ്വഭാവം (വൈകല്യത്തെ കുറിച്ചുള്ള പൊതു വിശദീകരണം രേഖപ്പെടുത്തുക | |
| 9 | വൈകല്യത്തിൻെറ തോത് (ശതമാനം/ I.Q.) | |
| 10 | അപേക്ഷിക്കുന്ന ആനുകൂല്യങ്ങൾ: | |
| i | അധിക സമയം ആവശ്യമാണോ | അതെ/അല്ല |
| ii | കണക്ക് വിഷയം ഒഴിവാക്കേണ്ടതുണ്ടോ | ഉണ്ട്/ ഇല്ല |
| iii | ഉണ്ടെങ്കിൽ കണക്ക് വിഷയത്തിനു പകരമായി തിരഞ്ഞെടുക്കുന്ന വിഷയം: | |
| iv | ഭാഷാ വിഷയങ്ങൾ ഒഴിവാക്കേണ്ടതുണ്ടോ | ഉണ്ട്/ ഇല്ല |
| v | ഉണ്ടെങ്കിൽ അവ ഏവ | എ)<br>ബി) |
| vi | ഭാഷാവിഷയങ്ങൾ ഒഴിവാക്കുന്നതിനു പകരമായി തിരഞ്ഞെടുക്കുന്ന വിഷയങ്ങൾ | എ)<br>ബി)<br>സി) |
| vii | ഗ്രേസ്മാർക്ക് ആവശ്യമുണ്ടോ | ഉണ്ട്/ ഇല്ല |
| viii | ഗ്രാഫ്, ഡ്രോയിംഗ്, ഡയഗ്രംസ്, ജോമട്രിക്കൽ ഫിഗേർസ് എന്നിവയിൽ നിന്ന് ഒഴിവാക്കേണ്ടതുണ്ടോ | ഉണ്ട്/ ഇല്ല |
| ix | എഴുതാൻ സഹായിയുടെ സേവനം ആവശ്യമുണ്ടോ | ഉണ്ട്/ഇല്ല |
| x | വ്യാഖ്യാതാവിൻെറ സേവനം ആവശ്യമുണ്ടോ | ഉണ്ട്/ഇല്ല |
| xi | വ്യാഖ്യാതാവ് കണക്ക് വിഷയത്തിന് മാത്രമാണോ | അതെ/ അല്ല |

| | | |
|---|---|---|
| 11 | വികലാംഗ സർട്ടിഫിക്കറ്റ് നൽകിയ മെഡിക്കൽ ബോർഡിലെ/ സർക്കാർ ആശുപത്രിയിലെ /ICCoNS-ലെ മെഡിക്കൽ ഓഫീസറുടെ പേരും ഔദ്യോഗിക മേൽ വിലാസവും : | |
| 12 | ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി സമർപ്പിച്ച പ്രത്യേക സർട്ടിഫിക്കറ്റ് നൽകിയ പ്രഥമാദ്ധ്യാപകൻെറ പേരും ഔദ്യോഗിക മേൽ വിലാസവും: | |

## സത്യപ്രസ്താവന

മേൽപറഞ്ഞ വസ്തുതകൾ എൻെറ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും എസ്.എസ്.എൽ.സി. മാർച്ച് 2010 പരീക്ഷ എഴുതുന്നതിന് മേൽപറഞ്ഞ ആനുകൂല്യങ്ങൾ ആവശ്യമാണെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

വിദ്യാർത്ഥിയുടെ ഒപ്പ്      രക്ഷാകർത്താവിൻെറ ഒപ്പും പേരും

തീയ്യതി:

## പ്രഥമാദ്ധ്യാപകൻെറ ശുപാർശ

ഈ സ്കൂളിലെ 10- ക്ലാസ്സ് വിദ്യാർത്ഥിയായ...................... സവിശേഷ സഹായം ആവശ്യമുള്ള കുട്ടിയാണെന്നും അപേക്ഷയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ശരിയാണെന്നും ബോദ്ധ്യമുള്ളതിനാൽ അനുവാദത്തിനായി ശുപാർശ ചെയ്യുന്നു.

ഓഫീസ് മുദ്ര      പ്രഥമാദ്ധ്യാപകൻെറ_ഒപ്പും പേരും

തീയതി

## ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ശുപാർശ

വിശദമായ അന്വേഷണം നടത്തിയതിൻെറ അടിസ്ഥാനത്തിൽ മേൽ നടപടികൾക്കായി ശുപാർശ ചെയ്യുന്നു.

ഓഫീസ് മുദ്ര      ജില്ല വിദ്യാഭ്യാസ ഓഫീസറുടെ ഒപ്പും പേരും

തീയതി

**PROFORMA - I**

## SSLC EXAMINATION MARCH 2010

**REVENUE DISTRICT :**
**EDUCATIONAL DISTRICT :**
**TOTAL NUMBER OF STUDENTS (CATEGORY-WISE):**

| | |
|---|---|
| **Visually Impaired (VI)** | : |
| **Hearing Impaired (HI)** | : |
| **Orthopaedically Handicapped (OH)** | : |
| **Mental Retardation (MR)** | : |
| **Learning Disorder (LD)** | : |

| S.No. | Name of Student | Category of Disbaility | Name of School | Admission No. (As per the School Register) | Centre Code | Register Number (Hall Ticket No.) of the Student | Concessions requested | Concessions granted in the SSLC Examination March 2010 |
|---|---|---|---|---|---|---|---|---|
| [1] | [2] | [3] | [4] | [5] | [6] | [7] | [8] | [9] |
| | (To be filled by DEO) | | | | | (To be filled by DEO after obtaining Reg.No.) | (To be filled by DEO) | (To be filled by IED cell of DPI) |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |
| 9 | | | | | | | | |
| 10 | | | | | | | | |

Place: Signature

Date: Office Seal Name & Stamp of Dist.Educational Officer

**(This proforma should be submitted in printed copy and CD)**

**PROFORMA - II**

## SSLC EXAMINATION MARCH 2010

## CERTIFICATE TO CWSN FOR EXAMINATION CONCESSION ISSUED BY HEAD OF THE SCHOOL

Signature of the Candidate: ……………………..

I hereby certified that Shri/Kum. ……………………………………………. is a student of Std X of ……………………………………………….School, whose signature is given above. He is having ……….. %/I.Q. of disability in ……………………………. (Category of disability) as per the certificate issued by Medical Board/ICCoNS/Certificate issued by Govt. Doctor in Psychiatry.

The committee formed as per Circular No.IED/71236/09/DPI dated ……………. is recommending the following concessions to him.

(If committee has consulted with a Doctor in Psychiatry (as mentioned in Circular), the report may also attached.)

1.
2.
3.
4.
5.

Place:
Date:

Signature
Name & Designation of the School Head Master
Office Seal

Countersigned by
District Educational Officer
Name & with Office Seal

Place:
Date: